# പെരിയാറിനെ വിൽക്കുന്നു

കേരളീയം ന്യൂസ് സർവ്വീസ്

കൊച്ചി: പെരിയാറിനെ സ്വകാര്യ കമ്പനിക്ക് വിൽക്കാനുള്ള നീക്കം ശക്തമായി. ആലുവ പുഴയിലെ രണ്ടര കിലോമീറ്റർ ദൂരത്തെ വെള്ളമാണ് വിൽക്കുന്നത്. കൺസ്ട്രക്ഷൻ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ബോർഡ്, മഹീന്ദ്ര ആൻഡ് മഹീന്ദ്ര ഡെവലപ്മെന്റ്, സുഭാഷ് പ്രൊജക്ട്സ് ആൻഡ് മാനേജ്മെന്റ് എന്നീ കമ്പനികളുമായി ഇത് സംബന്ധിച്ച് ചർച്ചകൾ നടന്നുകഴിഞ്ഞു.

330 കോടി രൂപ ചെലവു വരുന്നതാണ് പദ്ധതി. വ്യവസായ ജലവിതരണപദ്ധതിയായ ഇതുപ്രകാരം ഒരു ദിവസം 20 ദശലക്ഷം ലിറ്റർ വെള്ളം വിതരണം ചെയ്യുവാനാണ് ലക്ഷ്യമിടുന്നത്. ആലുവ മഹിളാലയത്തിനു സമീപത്തു നിന്ന് ജലം സ്വീകരിക്കുകയും എച്ച്. എം. ടി. ജങ്ഷനിൽ ശുദ്ധീകരണം നടത്തുകയുമാണ് ചെയ്യുന്നത്. ഇതിനായി 20 ഏക്കർ സ്ഥലം ആവശ്യമുണ്ട്. സ്ഥലമെടുപ്പിന് 10 കോടി രൂപയാണ് കണക്കാക്കിയിട്ടുള്ളത്. വ്യവസായങ്ങൾക്കും തുറമുഖത്തിനും അത്രർ മത്സ്യമേഖലയ്ക്കും ഹോട്ടലുകൾക്കുമുള്ള ജലവിതരണമാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

ഈ പദ്ധതിയുടെ ഭാഗമായി പുതിയ പൈപ്പ്‌ലൈനുകൾ ധാരാളമായി സ്ഥാപിക്കും അതോടൊപ്പം വാട്ടർ അതോറിറ്റി ഉപയോഗിക്കാത്ത പൈപ്പ് ലൈനുകൾ കമ്പനിക്ക് ഉപയോഗിക്കാം.

വ്യവസായങ്ങൾക്ക് ജലവിതരണം ഈ വഴി നടക്കുമ്പോൾ നിലവിലുള്ള ജലവിതരണസംവിധാനം പൊതുജനങ്ങൾക്ക് കൂടുതൽ ഉപയോഗപ്പെടുത്താനാവുമെന്നാണ് ഔദ്യോഗിക ഭാഷ്യം. മാത്രമല്ല പുഴയിൽ വെറും രണ്ടര കിലോമീറ്റർ മാത്രമേ സ്വകാര്യ മേഖലയ്ക്ക് വിട്ടുകൊടുക്കുന്നുള്ളൂ എന്നും അധികൃതർ ചൂണ്ടിക്കാണിക്കുന്നു.

എന്നാൽ ഇത്തരം വാദങ്ങൾ കണ്ണടച്ച് ഇരുട്ടാക്കലാണ് എന്നാണ് നിരീക്ഷകർ പറയുന്നത്. രണ്ടര കിലോമീറ്റർ മാത്രമേ വിൽക്കുന്നുള്ളൂ എന്നു പറയുന്നത് കഴുത്തു മാത്രമേ മുറിക്കുന്നുള്ളൂ എന്നു പറയുന്നതു പോലെയാണ്. നിലനിൽക്കുന്ന ജലവിതരണസംവിധാനത്തെ അപ്പാടെ തകർക്കാനും പുഴവെള്ളം സ്വകാര്യസ്വത്താക്കാനുമാണ് ഇതു വഴിയൊരുക്കുക. പദ്ധതിപ്രകാരം 30 വർഷത്തേക്കാണ് പുഴവെള്ളം സ്വകാര്യകമ്പനിക്ക് നൽകുന്നത്. പ്രതിദിനം ആവശ്യമുള്ള ജലം കമ്പനിക്ക് നൽകാമെന്ന് സർക്കാർ ഉറപ്പുനൽകുന്നുവെന്നാണ് കരാറിൽ പ്രധാനം. പത്തു വർഷത്തേക്ക് മറ്റൊരു ജലവിതരണ ഏജൻസിക്കും (വാട്ടർ അതോറിറ്റി ഉൾപ്പെടെ) കൊച്ചിയിൽ ജലവിതരണ പദ്ധതി സ്ഥാപിക്കാനാവില്ല. ടാങ്കർ ലോറിയിൽ വെള്ളം വിതരണം ചെയ്യുന്നത് ഇതിൽ ഉൾപ്പെടുമെന്നാണ് സൂചന.